rafeeqcmkokkur@gmail.com

 സി.എം റഫീഖ് കോക്കൂർ

# ലജ്ജ ഇസ്‌ലാമിന്റെ സംസ്കാരമാണ്

عَنْ زَيْدبْن طَلْحة ابن رُكَانَة رَضِيَ الله عَنه قَال: قَال رَسُول الله ﷺ لِكُلِّ دِينٍ خُلُقٌ وَخُلُقُ الإِسْلامِ الحَيَاءُ(مالك)

**സൈദുബ്നു ത്വൽഹത്തുബ്നു റുകാന(റ)യിൽ നിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: "ഓരോ മതത്തിനും ഓരോ സംസ്കാരമുണ്ട്. ഇസ്‌ലാമിന്റെ സംസ്കാരം ലജ്ജയാകുന്നു" (മാലിക്).**

നിർമലമായ മനുഷ്യ പ്രകൃതിയുടെ യഥാർഥ ഭാവം പ്രകടമാകുന്നത് ലജ്ജയിലൂടെയാണ്. വിശ്വാസവും സദാചാര നിഷ്ഠയും മൂല്യബോധവുമാണ് ലജ്ജയിലൂടെ വെളിപ്പെടുന്നത്.

അല്ലാഹുവാണ് മനുഷ്യനെ സൃഷ്ടിച്ചത്. അവന്റെ ദീൻ ഇസ്‌ലാമാണ്. ലജ്ജയെന്ന വിശിഷ്ട സംസ്കാരത്തിനു മേൽ പടുത്തുയർത്തപ്പെട്ടതായിരിക്കണം വിശ്വാസിയുടെ ജീവിതം. സകല തിന്മകളിൽ നിന്നും അതവനെ തടഞ്ഞുനിർത്തും. നന്മകളിൽ നിരതനാവാൻ അതവന് പ്രചോദനം നൽകും.

മൂസാ(അ) ധീരരാകാനും ഈസാ(അ) ഉദാരരാകാനും തങ്ങളുടെ ജനതയെ പഠിപ്പിച്ചപ്പോൾ മുഹമ്മദ്(സ) ലോകരെ പഠിപ്പിച്ചത് ലജ്ജയുള്ളവരാകാനാണ്. റസൂൽ(സ) പറഞ്ഞു: "ലജ്ജയും സത്യവിശ്വാസവും ഇണപിരിയാത്ത കൂട്ടുകാരാണ്. ഒന്ന് വേർപിരിഞ്ഞാൽ മറ്റേത് അവശേഷിക്കുകയില്ല" (ഹാകിം).

സമൂഹത്തിൽ മുമ്പെങ്ങുമില്ലാത്ത വിധം നിർലജ്ജത പടർന്നു പിടിച്ചിരിക്കുകയാണ്. 'ലജ്ജയില്ലെങ്കിൽ തോന്നുന്നതെല്ലാം ചെയ്യട്ടെ' എന്ന പ്രവാചക വചനത്തെ അന്വർഥമാക്കുംവിധം എന്ത് തോന്ന്യാസവും ചെയ്യാൻ മടിക്കാത്തവരുടെ എണ്ണം വർധിച്ചുവരികയാണ്. മറ്റുള്ളവരെന്ത് കരുതും എന്ന നോട്ടം പോലുമില്ല. ആരെയും വില വെക്കുന്നുമില്ല. തന്നെക്കാൾ ദുർബലരായവരെ ഏതു വിധേനയും ദ്രോഹിക്കാൻ ഔത്സുക്യം കാണിക്കുന്നു.

പരസ്പരം സ്നേഹിച്ചും സഹകരിച്ചും മാത്രമേ മനുഷ്യ ജീവിതം സുഗമമായി മുന്നോട്ടു പോകൂ. എന്നാൽ ലജ്ജ നഷ്ടപ്പെട്ടവനിൽ നിന്ന് സ്നേഹവും സഹകരണവും പ്രതീക്ഷിക്കുന്നത് അസ്ഥാനത്താണ്. വെറുപ്പും നിസ്സഹകരണവുമാണ് അത്തരക്കാരിൽ വളർന്നുവരിക.

ലജ്ജാ ബോധം നഷ്ടപ്പെടാൻ സഹായകമാകുന്ന സാമൂഹിക ചുറ്റുപാടും ജീവിത സാഹചര്യവുമാണ് നിലവിലുള്ളത്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, ഇന്റർനെറ്റ്, സിനിമ, സോഷ്യൽ മീഡിയ എന്നിവയിലൂടെ പ്രസരണം ചെയ്യപ്പെടുന്ന പല സന്ദേശങ്ങളും ലജ്ജയുടെ സകല അതിർ വരമ്പുകളെയും തകർത്തെറിയാൻ പോന്നതാണ്. സമൂഹം കാലങ്ങളായി കാത്തുസൂക്ഷിച്ചു പോരുന്ന മൂല്യ സങ്കൽപങ്ങൾക്ക് അത് പരിക്കേൽപിച്ചുകൊണ്ടിരിക്കുകയാണ്. തന്നെ പഠിപ്പിക്കുന്ന അധ്യാപികയെ പ്രണയിക്കാൻ പഠിപ്പിക്കുന്ന സിനിമകൾ പോലും ആളുകൾ ആവേശത്തോടെ നെഞ്ചേറ്റുന്നു. മദ്യപാനം, കൊലപാതകം, സ്ത്രീ പീഡനം, അക്രമം, അനീതി, വിഭാഗീയത, വർഗീയത തുടങ്ങിയവയിലേക്ക് പ്രേരണ നൽകുംവിധമാണ് പല ചലച്ചിത്രങ്ങളും പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നത്.

സന്മാർഗികതയുടെ അടിത്തറയാണ് ലജ്ജ. റസൂൽ(സ) പറഞ്ഞു: "ഒരു പ്രവൃത്തിയിൽ അസഭ്യം വല്ലതുമുണ്ടെങ്കിൽ, ആ പ്രവൃത്തി അതിനാൽ തന്നെ നിഷ്ഫലമായിപ്പോകുന്നു. ഒരു പ്രവൃത്തി ലജ്ജയോടു കൂടിയാണെങ്കിൽ അതിനാൽ ആ പ്രവൃത്തി അലംകൃതമാവുകയും ചെയ്യുന്നു" (തിർമിദി).

ആഇശ(റ) പറയുന്നു: "ലജ്ജ ആൾരൂപത്തിൽ വരികയാണെങ്കിൽ, ഉത്കൃഷ്ടനും സച്ചരിതനുമായ ഒരു മനുഷ്യനായിട്ടായിരിക്കും അവനെ നിങ്ങൾ കാണുക. എന്നാൽ, അസഭ്യം ആൾരൂപം സ്വീകരിക്കുകയാണെങ്കിൽ ഏറ്റവും നികൃഷ്ട മനുഷ്യനായിട്ടായിരിക്കും അത് പ്രത്യക്ഷപ്പെടുക" (ത്വബറാനി).

തെറ്റുകുറ്റങ്ങളിൽ ലജ്ജ തോന്നുക വിശ്വാസത്തിന്റെ അടയാളമാണ്. ധർമത്തിനും സദാചാരത്തിനും വിരുദ്ധമായ തന്റെ കർമങ്ങൾ മനുഷ്യരാരും അറിയുന്നില്ലെങ്കിലും അല്ലാഹു അറിയുന്നുണ്ടെന്ന ബോധം അവനെ അങ്ങേയറ്റം ലജ്ജിതനാക്കുന്നു. ചെയ്തുപോയതിൽ സ്വയം ശുദ്ധീകരണത്തിനും പാപമോചനത്തിനുമായി അല്ലാഹുവിനോടവൻ പ്രാർഥിക്കുകയും ചെയ്യുന്നു. ■